# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1574** **07.06.2018-ൽ മറുപടിയ്ക്ക്**

## കവ്വായി കായലിലെ കല്ലുമ്മകായ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| കല്ലുമ്മകായ കൃഷിചെയ്യുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ കവ്വായി കായലിലും പരിസരപ്രദേശങ്ങളിലുമുള്ള കൃഷിക്കാർക്ക് ഇവയുടെ വിത്തും അനുബന്ധ സാമഗ്രികളും ഇടത്തട്ടുകാരുടെ ചൂഷണമില്ലാതെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ? | കല്ലുമ്മക്കായ കൃഷിക്ക് നിലവിൽ കടലിൽ നിന്നും ശേഖരിക്കുന്ന പ്രകൃതിദത്തമായ വിത്താണ് ഉപയോഗിച്ചുവരുന്നത്. ആയതിനാൽ കടലിലെ വിത്തിന്റെ ലഭ്യതയുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് വില കൂടുകയും കുറയുകയും ചെയ്യുന്നുണ്ട്. നിലവിൽ ഏജന്റുമാരിൽ നിന്നും കർഷകർ നേരിട്ടാണ് വിത്ത് ശേഖരിക്കുന്നത്. ഇടത്തട്ടുകാരുടെ ചൂഷണമില്ലാതെ വിത്തും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ആഫീസർ**